ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ- ബിനോയ് ടോമി ജോർജ്.)

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീമതി.അനുജ.യു (പെൻ നം.834464) ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ ഗ്രേഡ് 3 - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത്- സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:1 25/04/2025 തീയതിയിലെ തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പ്രോജക്റ്റ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ CEIA/2454/2025-A6 നമ്പർ അനൗദ്യോഗിക കുറിപ്പ്.

2 24/05/2025 തീയതിയിലെ ഈ കാര്യാലയത്തിലെ CEIA/2510/2025/VIG2 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3 11/06/2025 തീയതിയിൽ ശ്രീമതി.അനുജ.യു സമർപ്പിച്ച പ്രതിവാദ പത്രിക.

4 22/09/2025 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

5 14/10/2025 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ് നം. CEIA/2510/2025-VIG2 തീയതി - 26-11-2025**

ശ്രീമതി.അനുജ.യു (പെൻനം-834464) എന്ന താങ്കൾ, ചങ്ങനാശ്ശേരി, ഇറിഗേഷൻ സബ് ഡിവിഷൻ കാര്യാലയത്തിന്റെ ഉപകാര്യാലയമായ ഇറിഗേഷൻ സെക്ഷൻ, കുമളി കാര്യാലയത്തിലെ ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ ഗ്രേഡ് 3 തസ്തികയിൽ ജോലി നോക്കി വരവെ, തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 27/07/2018 തീയതിയിലെ A6- 24701/2018 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII C പ്രകാരം 29/07/2018 പൂർവാഹ്നം മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. 29/07/2023 തീയതിയിൽ ടിയാൾ തിരികെ ജോലിയിൽ പുനഃപ്രവേശിക്കേണ്ടതായിരുന്നു. അനുവദനീയമായ ശൂന്യവേതനാവധിക്കുശേഷം ടിയാൾ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതും യാതൊരു വിശദീകരണവും നേരിട്ടോ തപാലിലോ ലഭ്യമാക്കിയിട്ടില്ലാത്തതുമാകുന്നു. ശൂന്യവേതനാവധിക്കു ശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിലെ പ്രോജക്റ്റ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശിപാർശ

ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, ശ്രീമതി.അനുജ.യു (പെൻനം.834464)-വിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരമുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും മേലധികാരി മുഖാന്തരം ടിയാൾക്ക് നൽകിയിരുന്നു. 11/06/2025 തീയതിയിൽ ശ്രീമതി.അനുജ.യു സമർപ്പിച്ച പ്രതിവാദ പത്രികയിൽ, തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 27/07/2018 തീയതിയിലെ എ6-24701/2018 നമ്പർ ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി ലഭിച്ചതിനാൽ വിദേശത്തുള്ള ഭർത്താവിനെയും കുട്ടികളെയും കാണാൻ പോകുകയും, പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ടിയാളുടെ സാമിപ്യം ആവശ്യമായ സാഹചര്യത്തെ തുടർന്ന് നിശ്ചിത അവധിക്കുശേഷം 29/07/2023 തീയതിൽ ജോലിയിൽ പുനഃപ്രവേശിക്കാൻ സാധിച്ചില്ല എന്നും സൂചിപ്പിച്ചിരുന്നു. സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ട് അധിക കാലമാവാത്തതിനാൽ സർക്കാർ ജീവനക്കാർ പാലിക്കേണ്ട ചട്ടങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലമാണ് നിശ്ചിത സമയത്തിനു ശേഷം ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിന്റെ വിശദീകരണം നേരിട്ടോ തപാൽ മുഖേനയോ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അറിയിക്കാത്തതെന്നും, താങ്കളുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച അറിവില്ലായ്മ മൂലമാണെന്നും, നിലവിലെ സാഹചര്യം അനുസരിച്ച് താങ്കൾക്ക് വിദേശത്ത് തുടരേണ്ടതുകൊണ്ടു ജോലിയിൽ പുനഃപ്രവേശിക്കുവാൻ സാധിക്കുകയില്ലെന്നും, ടി വിശദീകരണം അപേക്ഷയായി പരിഗണിച്ച് അച്ചടക്ക നടപടികൾ സ്വീകരിക്കാതെ മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും പിരിച്ചുവിടുന്നതിനു വേണ്ടിയുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു.

തുടർന്ന് ടി വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 11/09/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവു പ്രകാരം ഇടുക്കി, മൈനർ ഇറിഗേഷൻ ഡിവിഷൻ, ജൂനിയർ സൂപ്രണ്ടായ ശ്രീ.സാം മാത്യു-വിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. പരാമർശം (3) പ്രകാരം ലഭ്യമായ അന്വേഷണ റിപ്പോർട്ടിൽ, അന്വേഷണ ഉദ്യോഗസ്ഥൻ 18/09/2025 തീയതിയിൽ മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, ചങ്ങനാശ്ശേരി കാര്യാലയത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചിരുന്നുവെന്നും 22/09/2025 തീയതി 3.20 PM ന് ശ്രീമതി.അനുജ.യു - വിനെ ഫോൺ മുഖാന്തരം ബന്ധപ്പെടുകയും ടിയാൾ നിലവിൽ സിഡ്നി, ആസ്ട്രേലിയയിൽ താമസമാക്കിയിരിക്കുകയാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ശ്രീമതി.അനുജ.യു miidukki@gmail.com എന്ന ഓഫീസ് ഇ-മെയിലേക്ക് കത്ത് അയച്ചിരുന്നുവെന്നും ആയതിലും ടിയാളുടെ പ്രതിവാദ പത്രികയിൽ പറഞ്ഞിരുന്ന വിവരങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീമതി.അനുജ.യു-വിന്റെ ഫോൺ നം- +61451474226, ടിയാളുടെ മേൽവിലാസം (email.anujaanoop@gmail.com) എന്നിവ അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ നടത്തിയ അന്വേഷണങ്ങളുടെയും തുടർ പരിശോധനകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി.അനുജ.യു-വിനെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശിപാർശ ചെയ്തിരുന്നു.

മുകളിൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ, 5 വർഷത്തെ ശൂന്യവേതനാവധി 29/07/2023 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന ശ്രീമതി.അനുജ.യു-വിനെ 30/07/2023 തീയതി മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (5) കാരണം കാണിക്കൽ നോട്ടീസ് anujaanoop@gmail.com എന്ന മെയിൽ മുഖാന്തരം ടിയാൾക്ക് നൽകിയിരുന്നു. ആയതിന് ടിയാളിൽ നിന്ന് യാതൊരു മറുപടിയും ലഭിച്ചിരുന്നില്ല.

പ്രസ്തുത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ ഗ്രേഡ് 3 ശ്രീമതി.അനുജ.യു (പെൻനം.834464)-വിനെ 30/07/2023 തീയതി മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ടിയാൾക്കെതിരെയുള്ള അച്ചടക്കനടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Binoy Tomy George
Date: 26-11-2025 22:46:19
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.അനുജ.യു
പുതിയടത്ത് ഹൗസ്
ടൗൺ ചർച്ചിനു സമീപം
തൊട്ടുപുഴ പി.ഒ
ഇടുക്കി-685584
(email.anujaanoop@gmail.com മുഖാന്തരം)

പകർപ്പ്

1 ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണം, ചീഫ്എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.

2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, ചങ്ങനാശ്ശേരി,

3 എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ (ഇറിഗേഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

4 വിജിലൻസ് 8 സീറ്റ്